(ഈ) ശമ്പള നിർണ്ണയം പൂർത്തിയായവരിൽ എത്ര പേർക്ക് കടിശ്ശിക ശമ്പളം കൊടുത്തു;

(എഫ്) എത്രപേർക്ക് കൊടുപ്പാൻ ബാക്കിയുണ്ട്;

(ജി) അക്കാര്യത്തിൽ എന്തു നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: സർ, പായിൻറ് ആഫ് ആർഡർ. പല ചോദ്യങ്ങൾക്കും 'വിവരം ശേഖരിച്ചുവരുന്നു' എന്ന ഉത്തരം നൽകാറുണ്ട്. പത്തു ദിവസംമുൻപേയാണ് ചോദ്യങ്ങൾ ചോദിക്കുന്നത്. പാർലമെൻറിൽ, ശ്രീ. അനന്തശയനം അയ്യങ്കാർ സ്പീക്കറായിരിക്കുമ്പോൾ ഇങ്ങനെയുള്ള മറുപടി ശരിയല്ലെന്ന ഒരു റൂളിംഗുണ്ടായിട്ടുണ്ട്. അതുപോലെ ഈ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ ഒരു റൂളിംഗ് തന്നാൽകൊള്ളാം.

മി. സ്പീക്കർ: പത്തു ദിവസത്തെ സമയംകൊണ്ടും വിവരം ശേഖരിക്കാൻ സാധിക്കുന്നില്ലെങ്കിൽ എന്തുചെയ്യും; ആ വസ്തുതയാണ് പറഞ്ഞത്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: അങ്ങനെ പറയുന്നതു ശരിയല്ല, വിവരം മുൻകൂട്ടിവാങ്ങണം.

മി. സ്പീക്കർ: വസ്തുത അതാണെങ്കിൽ, അതു ശരിയല്ലെന്ന എങ്ങനെ പറയും?

ശ്രീ. എം. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട മന്ത്രി വളരെ ലാഘവ ബുദ്ധിയോടുകൂടിയാണ് ഈ പ്രശ്നത്തെ സമീപിക്കുന്നതെങ്കിൽ എനിക്കൊന്നും പറയാനില്ല. പക്ഷേ, ഇന്ന് ശമ്പള നിർണ്ണയം കഴിഞ്ഞിട്ടില്ലാത്തതിനു ഡി. ഇ. ഓ. മാർക്കു ഹർജി കൊടുക്കുമ്പോൾ, രണ്ടോമറ്റു ഒരു കല്പന കിട്ടുന്നതുവരെ യാതൊരു ഹർജിയും സ്വീകരിക്കുകയില്ല, ഹർജി സമർപ്പിക്കേണ്ടതില്ല എന്നു പറഞ്ഞു മടക്കി അയയ്ക്കുന്ന വിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അങ്ങനെ വല്ല നിർദ്ദേശവും ഗവണ്മെൻറു നൽകിയിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: ഗവണ്മെൻറു അങ്ങനെ നിർദ്ദേശമൊന്നും നൽകിയിട്ടില്ല. ലാഘവ ബുദ്ധിയോടുകൂടിയാണ് ഈ കാര്യത്തെ സംബന്ധിച്ച സമീപനം എന്നു പറയുന്നതു ശരിയല്ല. വളരെയധികം വിവരങ്ങൾ അറിയാനുണ്ട്. അതെല്ലാം ശേഖരിച്ചെടുക്കാൻ കുറെ കാലതാമസം നേരിടും. ഇതു സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിനു 20 ഡി. ഇ. ഓ. മാരിൽനിന്നു വിവരം അറിയേണ്ടതുണ്ട്. സാധാരണ കുറേ കാലതാമസം വരും. ഈ ഡിപ്പാർട്ടുമെൻറിൽതന്നെ മറ്റു പലതിനും കാലതാമസം ഉണ്ടെന്നു പറയാറുണ്ട്. ഈ വിവരം ശേഖരിക്കാൻ കൂടുതൽ കാലതാമസം സ്വാഭാവികമായി ഉണ്ടാകും. പല പ്രാവശ്യം റിമൈൻഡർ അയച്ചതിനുശേഷവും വിവരം കിട്ടിയില്ല; ആ വിവരം ഇവിടെ പറഞ്ഞതാണ്.

ഫോറസ്റ്റ് മരംവെട്ടി-പർച്ചേസ് സഹകരണസംഘം.

* 429. [16] ശ്രീ. എം. സി ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ നന്മയ്ക്കുവേണ്ടി ഏതെങ്കിലും ഫോറസ്റ്റ് മരംവെട്ടി-പർച്ചേസ് സഹകരണസംഘം രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര; എവിടെയെല്ലാം;

(സി) ഈ സംഘങ്ങൾക്ക് വായ്പകൊടുത്തിട്ടുണ്ടോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഇല്ല.

(ബി, സി.) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly